LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട കേന്ദ്രനികുതിയുടെ വിഹിതം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുനർനിർണ്ണയിച്ചത് സംസ്ഥാനത്തിന്റെ താല്പര്യങ്ങൾക്ക് അനുസൃത മായല്ല. സംസ്കരിച്ച ഭക്ഷ്യഎണ്ണയുടെ എക്സൈസ് തീരുവ കുറച്ചത് സംസ്ഥാന ത്തിന്റെ നാളികേര മേഖലയെ പ്രതികൂലമായി ബാധിക്കാനുള്ള സാദ്ധ്യതയുണ്ട്.

(ബി) 2005-06 വർഷത്തിൽ കേന്ദ്ര ഗവൺമെന്റ് കേരളത്തിനായി നീക്കിവച്ചി രിക്കുന്ന നികുതിയുടെ വിഹിതം 2532.51 കോടി രൂപയാണ്.

(സി) കൂടുതലാണ്.

(ഡി) 2004-05-ലെ പുതുക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ താരതമ്യം ചെയ്യുമ്പോൾ 2005-06 വർഷത്തെ കേരളത്തിനുള്ള കേന്ദ്ര നികുതി വിഹിതം നടപ്പു വർഷത്തേതിനേക്കാൾ 129 കോടി രൂപയോളം അധികമായിരിക്കും.

(ഇ) കേന്ദ്രനികുതി വിഹിതം നിർണ്ണയിക്കുന്ന കാര്യത്തിൽ പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ സ്വീകരിച്ച മാനദണ്ഡങ്ങൾ, സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് അനുകൂലമായവയല്ല എന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ക്കഴിഞ്ഞിട്ടുള്ളതാണ്.

2005-06-ലെ കേന്ദ്ര ബഡ്ജറ്റ്

4 [2468] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ധനകാര്യമന്ത്രി പാർലമെന്റിൽ അവതരിപ്പിച്ച 2005-06 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിൽ കേരളത്തിന്റെ സാമ്പത്തിക താല്പര്യങ്ങൾ പരിഗണിക്കപ്പെട്ടിട്ടുള്ളതായി കരുതുന്നുണ്ടോ;

(ബി) എങ്കിൽ ബഡ്ജറ്റിലെ ഏതെല്ലാം നിർദ്ദേശങ്ങളാണ് സംസ്ഥാനത്തിന്റെ സാമ്പത്തിക താല്പര്യങ്ങൾക്ക് അനുഗുണമായിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്തിന്റെ താല്പര്യത്തിന് ഹാനികരമായിട്ടുള്ള നിർദ്ദേശങ്ങൾ ഉണ്ടായിട്ടുള്ളതായി കരുതുന്നുണ്ടോ; എങ്കിൽ അവയെക്കുറിച്ചും എത് നിലയിലാണ് ഹാനികരമാവുന്നതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര ബഡ്ജറ്റിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക താല്പര്യങ്ങൾ പൂർണ്ണമായി പരിഗണിക്കപ്പെട്ടു എന്ന് കരുതുന്നില്ല.

(ബി) പ്ലാന്റേഷൻ മേഖലയെ പുനരുദ്ധരിക്കുന്നതിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതിയുടെ പ്രയോജനം സംസ്ഥാനത്തിന് ലഭിക്കും. വസ്ത്ര നിർമ്മാണ രംഗത്ത് അനുവദിച്ചിട്ടുള്ള നികുതികൾ സംസ്ഥാനത്തിന്റെ കൈത്തറി മേഖലയ്ക്ക് ആശ്വാസം നൽകും.

(സി) പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട കേന്ദ്ര നികുതിയുടെ വിഹിതം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുനർനിർണ്ണയിച്ചത് സംസ്ഥാനത്തിന്റെ താല്പര്യങ്ങൾക്ക് അനുസൃതമായല്ല. സംസ്കരിച്ച ഭക്ഷ്യഎണ്ണയുടെ എക്സൈസ് തീരുവ കുറച്ചത് സംസ്ഥാനത്തിന്റെ നാളികേര മേഖലയെ പ്രതികൂലമായി ബാധിക്കാനുള്ള സാദ്ധ്യതയുണ്ട്.

തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക

5 [2469] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98 മുതൽ 2000-01 വരെയുള്ള കാലത്ത് ഓരോ വർഷവും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കായി ബഡ്ജറ്റിൽ എത്ര തുകയാണ് വിവിധ ഇനങ്ങളിലായി വകയിരുത്തിയതെന്നും ഇതിൽ എത്ര തുക നൽകിയിട്ടുണ്ടെന്നും നൽകിയ തുകയിൽ എത്ര തുക തിരിച്ചുപിടിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) 2001-02 മുതൽ 2003-04 വരെയുള്ള കാലത്ത് ഓരോ വർഷവും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഓരോ ഇനത്തിലും ബഡ്ജറ്റിൽ വകയിരുത്തിയതും നൽകിയതും തിരിച്ചുപിടിച്ചതുമായ തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) 1997-98 മുതൽ 2003-04 വരെയുള്ള വർഷങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽനിന്നും തിരിച്ചുപിടിച്ച തുക മടക്കി നൽകിയിട്ടുണ്ടെങ്കിൽ ഏതൊക്കെ വർഷങ്ങളിൽ എത്ര തുക വീതം മടക്കി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) 1997-98 മുതൽ 2003-04 വരെ ഓരോ വർഷവും തദ്ദേശ ഭരണ സ്ഥാപനങ്ങൾ ചെലവഴിച്ച പദ്ധതി തുകയുടെ ഇനം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(ഇ) 1997-98 മുതൽ 2003-04 വരെയുള്ള ഓരോ വർഷവും സംസ്ഥാന ബഡ്ജറ്റിന്റെ എത്ര ശതമാനം തുക വീതമാണ് വിവിധ ഇനങ്ങളിലായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകിയതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടത്തിവരുന്ന വിവിധയിനം പദ്ധതി പ്രവർത്തികൾക്കായി 1997-98 മുതൽ 2000-01 വരെ നൽകിയിട്ടുള്ള പദ്ധതി ഗ്രാന്റിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly